കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 - സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം. 1182 /15/തസ്വഭവ. തിരുവനന്തപുരം,

തീയതി: 20/04/2015

---

പരാമർശം:- 1) വക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28/12/2013-ലെ എ 1-4029/13(1)ാം നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 16/02/2015-ലെ L.F. 2709/P.T1/2014-ാം നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 പ്രകാരം വൈദ്യുതബോർഡിന് വയർ വാങ്ങി നൽകിയ വകയിൽ ചെലവു ചെയ്ത 12690(പന്ത്രണ്ടായിരത്തി അറുന്നൂറ്റിതൊണ്ണൂറ്) രൂപ ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 25-11-2013 ലെ V(I)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം,ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് എന്നിവ സഹിതം പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ചെലവു ചെയ്യാനുണ്ടായ സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം (2) പ്രകാരംലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഖണ്ഡിക 3.1 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ആയതിനാൽ തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിൻ 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 പ്രകാരം വൈദ്യുതബോർഡിന് വയർ വാങ്ങി നൽകിയ വകയിൽ ചെലവു ചെയ്ത 12690(പന്ത്രണ്ടായിരത്തി അറന്നൂറ്റിതൊണ്ണൂറ്)രൂപ ആഡിറ്റ് തടസ്സപ്പെടുത്തിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വക്കം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസി
ദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ